## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4443 — 17.05.2017 ൽ മറുപടിയ്ക്ക്

### ഭക്ഷ്യ ധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് കുന്നപ്പിള്ളി<br>,, അനൂപ് ജേക്കബ്<br>,, എ.പി. അനിൽ കുമാർ<br>,, കെ.എസ്.ശബരീനാഥൻ | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രം പൊതുവിതരണത്തിനായി സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി ആരെയാണ് നിയോഗിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ ഏറ്റെടുക്കുന്നതിനുള്ള ഏജൻസിയായി സപ്ലൈകോയെയാണ് നിയോഗിച്ചിട്ടുളളത്. |
| (ബി) ഏജൻസികളെ നിയോഗിക്കാൻ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ വിവരിക്കുമോ; | (ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സെക്ഷൻ 24 (2) (എ) പ്രകാരവും കേന്ദ്ര സർക്കാരിന്റെ 2015 ലെ റ്റി.പി.ഡി.എസ് ഉത്തരവ് ജി.എസ്.ആർ 213 (ഇ) 7 പ്രകാരവും ഭക്ഷ്യ ധാന്യങ്ങൾ എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നും വിട്ടെടുക്കുന്നത് സർക്കാർ അധികാരപ്പെടുത്തിയ ഏജൻസിയായിരിക്കണമെന്ന് അനുശാസിക്കുന്നു. ടി ശാസനം അനുസരിച്ച് 29.08.2016 ൽ സംസ്ഥാന സർക്കാർ സപ്ലൈകോയെ ഭക്ഷ്യ ധാന്യങ്ങൾ എഫ്.സി.ഐ.യിൽ നിന്നും വിട്ടെടുത്ത് റേഷൻ ഡിപ്പോകളിൽ എത്തിയ്ക്കുന്നതിനുള്ള അംഗീകൃത ഏജൻസിയായി നിയമിച്ചു. |
| (സി) ഏതെങ്കിലും കരാറിനായി, സപ്ലൈകോ ടെണ്ടർ സ്വീകരിച്ച നടപടിക്കെതിരെ കേസ്സ് നിലവിലുണ്ടോ; എങ്കിൽ കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കുമോ? | (സി) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി എഫ്.സി.ഐ./ സി.എം.ആർ ഗോഡൗണുകളിൽ നിന്നും സപ്ലൈകോ നോട്ടിഫൈഡ് ഡിപ്പോ ഗോഡൗണുകളിലേക്കും, ടി ഗോഡൗണുകളിൽ നിന്നും ചില്ലറ വ്യാപാരികൾക്ക് റേഷൻ സാധനങ്ങൾ എത്തിച്ചു കൊടുക്കുന്നതിനുള്ള കടത്തുകരാറിനെതിരെ 6 കേസ്സുകളും, ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട കരാറിനെതിരെ ഒരു കേസ്സും ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ